# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 609      28/9/2016 -ൽ മറുപടിക്ക്

## ജലനിധി രണ്ടാംഘട്ട പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.എസ്.ശിവകുമാർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജലനിധി രണ്ടാംഘട്ട പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ശുദ്ധജല ദൗർലഭ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിനായാണ് 1022 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന രണ്ടാം ഘട്ട ജലനിധി പദ്ധതി (2012-17) സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന സർക്കാരിന് ലഭ്യമാകുന്നു. കുടിവെള്ള പദ്ധതിയ്ക്ക് ജലനിധി നിയമാവലി അനുസരിച്ചുള്ള വിഹിതം സംസ്ഥാന സർക്കാരും, ഗ്രാമപഞ്ചായത്തും, ഗുണഭോക്തൃസമിതികളും (75:15:10 എന്ന അനുപാതത്തിൽ) വഹിക്കുന്നു. പദ്ധതിയുടെ ബാച്ച് 2 മുതൽ ഗുണഭോക്തൃ വിഹിതം 4000/- രൂപയിൽ കൂടുതൽ നൽകേണ്ടതില്ല. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. |

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

(സി) മൂന്നു ബാച്ചുകളിലായി 115 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി വരുന്നു. ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ മറ്റു ജില്ലകളിൽ നിന്നു തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും, (കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത 2 പഞ്ചായത്തുകൾ പദ്ധതിയിൽ നിന്നും പിന്നീട് പിന്മാറിയിരുന്നു.) തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ 3 മൾട്ടി ജി.പി. പദ്ധതികൾ പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങൾ നടത്തി, സമീപ പഞ്ചായത്തുകൾക്ക് ജലനിധി മാതൃകയിൽ ജലവിതരണം നടത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ടി. പഞ്ചായത്തുകളിൽ എല്ലാം തന്നെ ശുചിത്വസൗകര്യങ്ങളും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളും നടപ്പാക്കി വരുന്നു.

ജലനിധി രണ്ടാം ഘട്ട പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേന ലഭ്യമാക്കുകയും, ബാക്കി തുക ജലനിധി നിയമാവലി അനുസരിച്ചുള്ള സംസ്ഥാന സർക്കാർ-ഗ്രാമപഞ്ചായത്ത്-ഗുണഭോക്തൃ സമിതികളുടെ വിഹിതമായും എടുക്കുന്നു.

സെക്ഷൻ ഓഫീസർ